## 97

*രീതി: ഇന്നേരം പ്രിയ ദൈവമേ*

വന്ദനം യേശുനാഥനേ ! നിനക്കു നിത്യവന്ദനം യേശുനാഥനേ!
വന്ദനം ചെയ്യുന്നിതാ നന്ദിയോടിന്നടിയാർ
മന്ദരാമടിയാരിൽ ചൊരിഞ്ഞ കരുണകൾക്കായ്

1 നിൻക്രിയകളിലൊന്നുമേ-നശിക്കയില്ല നിൻകരം ശക്തിയുള്ളതാം
നിന്നോടടുക്കുവോരെ നീ തള്ളിടുകയില്ല
നിന്നുടെ ജീവനല്ലോ സുതരിലിരിപ്പതിന്നും-

2 ശക്തിഹീനരിൽ കനിയും ദയാലുവത്രേ
ഭക്തിമാന്മാർക്കു നാഥാ! നീ
വ്യക്തമല്ലോ നിൻകൃപ ശുദ്ധിമാന്മാരിലാത്മ
മുക്തിവരും വരെക്കും ഭരിച്ചു നടത്തിടും നീ-

3 വീഴ്ച കൂടാതെ ഞങ്ങളെ തിരുമുഖത്തിൽ
കാഴ്ചയരുളിയെപ്പോഴും താഴ്ച വരാതെ തവ
വേഴ്ചയിൽ സ്ഥിരതയാ സൂക്ഷിച്ചു ഭരിക്ക
ഭൂവാഴ്ചക്കധിപരായി-

**K.V.S**